## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1458 14/06/2013-ൽ മറുപടിയ്ക്ക്

## ഹൈടെക്ക് കൃഷിക്കും ഗ്രീൻ ഹൗസുകൾക്കും പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ആർ. സെൽവരാജ്<br>,, വി. റ്റി. ബൽറാം | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഹൈടെക് കൃഷിക്കും ഗ്രീൻ ഹൗസുകൾക്കും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ബി) പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ താഴെ പറയുന്നതാണ്<br>1. സംരക്ഷിത കൃഷി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉത്പ്പന്നങ്ങളുടെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുക.<br>2. ഉന്നത ഗുണനിലവാരമുള്ള കാർഷിക ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.<br>3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ, പോഷക, ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നു.<br>4. കയറ്റുമതി ലക്ഷ്യമിട്ട് കട്ട്ഫ്ളവർ കട്ട് ഫോളിയേജ് എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.<br>5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.<br>6. കുറഞ്ഞ തൊഴിൽ ഉപയോഗിച്ച് കൊണ്ട് കൃഷി സാധ്യമാക്കുക. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; | സി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള, സംസ്ഥാന കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് |

പ്രൊമോഷൻ കൗൺസിൽ കേരളം, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, സമേതി, ഹോർട്ടികോർപ്പ്, എന്നി സ്ഥാപനങ്ങളാണ് ഇതിനായി സഹകരിക്കുന്നത്.

| | | |
|---|---|---|
| ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) 2012-13-ൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഹൈടെക് പദ്ധതിയിൽ തിരഞ്ഞെടുക്കുന്ന കർഷകർക്ക് 400 ചതുരശ്ര മീറ്ററിൽ വിസ്തീർണ്ണമുള്ള പോളീ ഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് 935 രൂപ എന്ന നിരക്കിൽ ആകെ 3.74 ലക്ഷം രൂപ ചെലവ് കണക്കാക്കി ഈ തുകയുടെ 75 ശതമാനമായ 2.805 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചു. ഇതിൽ 50 ശതമാനം (1.87 ലക്ഷം രൂപ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായമായും 25 ശതമാനം (0.935) തുക സംസ്ഥാന പദ്ധതി വിഹിതമായുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.<br><br>പ്രസ്തുത പദ്ധതി 2013-14 സാമ്പത്തിക വർഷത്തിൽ തുടരുന്നതിനായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>2012-13-ൽ ഹൈടെക് കൃഷി സാങ്കേതിക വിദ്യയ്ക്ക് പ്രചാരം നൽകുന്നതിനായി 21 മാതൃകാ പ്രദർശന പോളീഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br><br>ഹൈടെക് കൃഷിയ്ക്കാവശ്യമായ ഉത്പാദനോപാദികൾ തടസ്സമില്ലാതെ കർഷകർക്ക് ലഭ്യമാക്കുവാൻ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ